## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

## പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കാൻ നടപടി

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 468

ചോദ്യം

ശ്രീ. ജെയിംസ് മാത്യു
ശ്രീ.സി.കെ.സദാശിവൻ
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.ആർ.രാജേഷ്

30.06.2014-ൽ മറുപടി

മറുപടി

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കാനുള്ള നടപടി ത്വരിതപ്പെടുത്താമോ ; | ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസുദ്യോഗസ്ഥരെ കണ്ടെത്തിക്കൊണ്ടും, അവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുകൊണ്ടും പോലീസ് സേനയെ ക്രിമിനൽ വിമുക്തമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |
| (ബി) | സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനു സ്വീകരിച്ച നടപടി എന്തായിരുന്നു ; വിശദമാക്കാമോ ; | ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട പോലീസുദ്യോഗസ്ഥരെ കണ്ടെത്തുന്നതിനായി എ.ഡി.ജി.പി മാരടങ്ങുന്ന ഒരു കമ്മിറ്റിയെ 09.09.2011-ലെ 29/11 നമ്പർ പി.എച്ച്.ക്യു സർക്കുലർ പ്രകാരം നിയോഗിച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥർ ഉൾപ്പെട്ട ക്രിമിനൽ കേസുകളുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് തയ്യാറാക്കുകയും ആയത് പരിശോധിച്ച് ഗുരുതരമായ കുറ്റം ചെയ്ത പോലീസുദ്യോഗസ്ഥരെ സർവീസിൽ നിന്നും മാറ്റി നിർത്തി അച്ചടക്ക |

| | | |
|---|---|---|
| | | നടപടികൾ കൈക്കൊള്ളുന്നതിനും ആവശ്യമെങ്കിൽ അവരെ പോലീസ് സേനയിൽ നിന്നും തന്നെ നീക്കം ചെയ്യുന്നതിനും പ്രസ്തുത കമ്മറ്റി ശുപാർശ ചെയ്യുന്നു. കൂടാതെ ക്രിമിനൽ പശ്ചാത്തലമുള്ളവർ പോലീസ് സേനയിൽ കടന്നുകൂടാതിരിക്കുന്നതിനായി നിയമന സമയത്ത് തന്നെ വിശദമായ പരിശോധനകൾ നടത്തുന്നുണ്ട്. |
| (സി) | ഇതിനകം കണ്ടെത്തിയ സേനയിലെ ക്രിമിനലുകളുടെ ലിസ്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുമോ ? | പോലീസുദ്യോഗസ്ഥർ പ്രതികളായ കേസുകൾ പലതും അന്വേഷണാവസ്ഥയിലാണ്. കൂടുതൽ അന്വേഷണങ്ങളുടെയും, പരിശോധനകളുടെയും അടിസ്ഥാനത്തിൽ മാത്രമേ യഥാർത്ഥത്തിൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥരെ കണ്ടെത്തുവാൻ കഴിയുകയുള്ളൂ. ആയതിനാൽ പ്രതികളായ പോലീസുദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നത് ഉചിതമല്ല. |

**സെക്ഷൻ ഓഫീസർ**